LIBRARY ARCHIVES Kerala Legislative Assembly

തോട്ടപ്പള്ളി അഴിമുഖം വീതി കൂട്ടൽ

180 (486) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനായി തോട്ടപ്പള്ളി അഴിമുഖം വീതികൂട്ടാൻ തീരുമാനിച്ചിരുന്നോ?

കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനായി തോട്ടപ്പള്ളി അഴിമുഖം വീതി കൂട്ടാൻ തീരുമാനിക്കുകയും ആയത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഈ പ്രവൃത്തി ചെയ്യുന്നതിന് ആരെയാണ് നിയോഗിച്ചതെന്ന് അറിയിക്കാമോ?

പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ചവറയാണ് ഈ പ്രവൃത്തി ചെയ്യുന്നതിന് നിയോഗിച്ചിരുന്നത്.

(സി) വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി വൻതോതിൽ ധാതുമണൽ കടത്തുന്നതിന് അനുമതി നൽകിയാൽ ആയത് പരിസരവാസികളെയും മത്സ്യത്തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിക്കുമോ?

കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് കടലിലേയ്ക്കുള്ള സുഗമമായ ജലനിർഗ്ഗമനത്തിന് തടസ്സമാകുന്ന വിധത്തിൽ അഴിമുഖത്തിന്റെ അടിത്തട്ടിൽ അധികമായുള്ള മണ്ണും ചെളിയുമാണ് നീക്കം ചെയ്യുന്നത്. അഴിമുഖത്ത് മണ്ണ് അടിഞ്ഞുകൂടുന്നതിന് ശാശ്വതപരിഹാരമായി പുലിമുട്ട് നിർമ്മിക്കുന്നത് പരിഗണനയിലാണ്. ആയതിലേയ്ക്കുള്ള പഠനം ചെന്നൈ ഐ.ഐ.റ്റി. വഴി നടത്തുന്നുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കി കഴിഞ്ഞാൽ പരിസരവാസികളെയും മത്സ്യത്തൊഴിലാളികളേയും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

കടലുണ്ടി പുഴയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടി

181(487) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറെമണ്ണ നെച്ചിക്കുറ്റി ഭാഗത്ത് കടലുണ്ടി പുഴയുടെ അരിക് തകർന്ന് സമീപത്തെ വീടുകളും വസ്തുക്കളും അപകട ഭീഷണിയിലായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന ആവശ്യം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;